| പതിമൂന്നാം കേരള നിയമസഭ | | | |
| --- | --- | --- | --- |
| പത്താം സമ്മേളനം | | | |
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 149* | | 21.01.2014-ൽ മറുപടിക്ക് | |
| ശ്രവണ വൈകല്യമുള്ള കുട്ടികളുടെ പുനരധിവാസം | | | |
| ചോദ്യം | | ഉത്തരം | |
| | ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസാര-ശ്രവണ വൈകല്യമുള്ള കുട്ടികളുടെ പഠന, പുനരധിവാസത്തിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്തൊക്കെ പ്രവർത്തനങ്ങളും പ്രോത്സാഹനങ്ങളുമാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസാര-ശ്രവണ വൈകല്യമുള്ള കുട്ടികളുടെ പഠന, പുനരധിവാസത്തിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. **ഏർളി ഇന്റർവെൻഷൻ പ്രോഗ്രാം.**<br>കുട്ടികളിൽ അവശേഷിച്ചിട്ടുള്ള കേൾവി ശക്തിയെ പരമാവധി പ്രയോജനപ്പെടുത്തി ആശയ വിനിമയ ശേഷി വളർത്തുന്നതിനും ദൈനംദിന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ഉള്ള പരിശീലനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.<br>2. **ശ്രവണശേഷി വിലയിരുത്തലും സംഭാഷണ പരിശീലനവും.**<br>ഓഡിയോളജി വിഭാഗത്തിൽ ശ്രവണ പരിശോധനയും സംസാരന്യൂനതകൾക്കായുള്ള തെറാപ്പിയും നടത്തിവരുന്നു. |

3. **ഇയർ മോൾഡ് നിർമ്മാണം**

ഓഡിയോളജി ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സുസജ്ജ മായ ഇയർമോൾഡ് ലബോറട്ടറി യിൽ ഇയർ മോൾഡുകൾ നിർമ്മിച്ചു വരുന്നു.

4. **മെഡിക്കൽ, സൈക്കോളജി ആന്റ് ഫിസിയോതെറാപ്പി വിഭാഗം**

കേൾവി പരിശോധനയ്ക്ക് എത്തുന്നവരിൽ ആവശ്യമുള്ള പക്ഷം തെറാപ്പിയുടെ ഭാഗമായി പ്രസ്തുത വിഭാഗത്തിന്റെ സേവനം നൽകി വരുന്നു.

5. **ഇൻഫർമേഷൻ ടെക്നോളജി (ഐ.ടി.വിഭാഗം)**

ശ്രവണ ന്യൂനതയുള്ള കുട്ടികൾക്കാ യുള്ള പാഠ്യസഹായ സോഫ്റ്റ്വെയ റുകളും നിഷിന്റെ പ്രവർത്തനങ്ങൾ ക്കാവശ്യമുള്ള സോഫ്റ്റ്വെയറു കളും വികസിപ്പിക്കലാണ് ഇവിടത്തെ പ്രധാന പ്രവർത്തനം.

6. **അക്കാഡമിക്ക് വിഭാഗം**

നിഷിന്റെ അക്കാഡമിക്ക് വിഭാഗത്തിൽ താഴെപ്പറയുന്ന കോഴ്സുകൾ നടപ്പിലാക്കി വരുന്നു.

എ) ബാച്ചിലർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പതോളജി

ബി) മാസ്റ്റർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പതോളജി

സി) ബാച്ചിലർ ഓഫ് സയൻസ് ഇൻ കംപ്യൂട്ടർ സയൻസ് (ശ്രവണശേഷി ക്കുറവുള്ളവർക്ക് വേണ്ടി മാത്രം)

| | | | |
|---|---|---|---|
| | | | ഡി) ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സ് (ശ്രവണശേഷിക്കുറവുള്ളവർക്ക് വേണ്ടി മാത്രം)<br>ഇ) ബാച്ചിലർ ഓഫ് കോമേഴ്സ് (ശ്രവണശേഷിക്കുറവുള്ളവർക്ക് വേണ്ടി മാത്രം) (2013-14 മുതൽ)<br>എഫ്) ഡിപ്ലോമ ഇൻ ടീച്ചിംഗ് യങ്ങ് ഡഫ് ആന്റ് ഹാർഡ് ഓഫ് ഹിയറിംഗ്<br>7. **ശ്രവണവൈകല്യമുള്ളവരുടെ പുനരധിവാസത്തിനായി സംസ്ഥാനാടിസ്ഥാനത്തിലുള്ള പദ്ധതി**<br>പ്രസ്തുത പദ്ധതി പ്രകാരം നന്നേ ചെറുപ്പത്തിൽ തന്നെ ശ്രവണ വൈകല്യം കണ്ടുപിടിക്കുന്നതിനുള്ള കേന്ദ്രങ്ങൾ കേരളത്തിലെ എല്ലാ ജില്ലാ ആശുപത്രികളിലും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ സംസ്ഥാന സർക്കാരിന്റെ ശ്രുതിതരംഗം എന്ന കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് നിഷ്-ൽ ആഡിറ്ററി വെർബൽ തെറാപ്പി നൽകി വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് അവർക്കായി എന്തൊക്കെ പഠന പദ്ധതികളാണ് നടപ്പാക്കിവരുന്നത്; അവരുടെ വിഭിന്നശേഷി കണക്കിലെടുത്തു വിവിധ വിഷയങ്ങളിലെ പഠന നിലവാരത്തിൽ ഇളവുകൾ അനുവദിക്കാറുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (ബി) | സംസാര-ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി താഴെപ്പറയുന്ന പഠന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| | | | • ശ്രവണ പരിമിതിയുള്ള 0-6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഏർളി ഇന്റർവെൻഷൻ പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. 3 വയസ്സിൽ താഴെയുള്ള കുട്ടികൾക്കാണ് പ്രവേശനം. 3-4 വർഷത്തെ പരിശീലനത്തിലൂടെ ഈ കുട്ടികളിൽ ഭാഷയും സംസാരവും വളർത്തിയെടുത്ത് അവരെ റെഗുലർ സ്ക്കൂളുകളിൽ സംയോജിത വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുന്നു.<br>• കേൾവിക്കുറവുള്ള കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി ബി.എസ്.സി കംപ്യൂട്ടർ സയൻസ് (ശ്രവണശേഷിക്കുറവുള്ളവർക്ക് വേണ്ടി മാത്രം), ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സ് (ശ്രവണശേഷിക്കുറവുള്ളവർക്ക് വേണ്ടി മാത്രം) എന്നീ കോഴ്സുകൾ നടത്തി വരുന്നു. 2013-14 അദ്ധ്യയന വർഷം മുതൽ ബി.കോം കോഴ്സ് കൂടി തുടങ്ങിയിട്ടുണ്ട്.<br>അവരുടെ വിഭിന്ന ശേഷിയും ഭാഷയിലുള്ള പരിമിതിയും കണക്കിലെടുത്ത് പ്രത്യേകം രൂപകല്പന ചെയ്ത കോഴ്സുകളായതിനാൽ ഇതിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ വിഷയങ്ങളുടെ പഠനനിലവാരത്തിൽ ഇളവുകൾ അനുവദിക്കാറില്ല. |

| | | | |
|---|---|---|---|
| (സി) | നിർദ്ധനരായ കുട്ടികൾക്ക് എന്തെല്ലാം സൗജന്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ; | (സി) | നിർദ്ധനരായ, പഠനത്തിൽ മികവു കാട്ടുന്ന കുട്ടികൾക്കായി നിഷ് സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ സെമസ്റ്ററിലെയും ഫീസാണ് സ്കോളർഷിപ്പായി നൽകുന്നത്. |
| (ഡി) | ഇവർക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യം നൽകുന്നുണ്ടോ; അതിനായി സ്ഥാപനത്തിന്റേതായ ഹോസ്റ്റൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഹോസ്റ്റൽ നിർമ്മിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | സൗജന്യ ഹോസ്റ്റൽ സൗകര്യം നിലവിലില്ല. എന്നാൽ നിഷ്-ൽ പഠനത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന ബധിരരും മൂകരുമായ കുട്ടികൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റേതായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 13.25 കോടി രൂപ, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, വിനിയോഗിക്കുന്നതിനുള്ള ഭരണാനു-മതി 16.10.2012-ലെ സ.ഉ.(സാധാ) നം. 458/2012/സാ.ക്ഷേ.വ. പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുക ധനപുനർവിനിയോഗം വഴി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ